# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടി ഉത്തരവ്

## സംഗ്രഹം

ദേവസ്വങ്ങളിലെ വഴിപാട് നടത്തിപ്പ് - സപ്ലൈയർ തുകയുടെ ക്ലെയിം സംബന്ധിച്ച്

---

നടപടി ഉത്തരവ് നമ്പർ ആർ.ഒ.സി. 14069/16/എൻ.എസ്, തിരുവനന്തപുരം, തീയതി 16/11/2016

---

പരാമർശം:- ഡി.ബി.പി. നമ്പർ 33/2010 കേസ്സിന്മേൽ ബഹു. ഹൈക്കോടതി 10/07/2010-ൽ പുറപ്പെടുവിച്ച വിധി ന്യായം

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ ക്ഷേത്രങ്ങളിൽ വഴിപാടുകൾക്കുള്ള സാധനങ്ങൾ അതാതു ക്ഷേത്രങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ /സബ്ഗ്രൂപ്പാഫീസർമാർ സപ്ലൈ ചെയ്യുകയും ആയതിലേക്കുള്ള തുക മാസത്തിൽ ഒന്നോ രണ്ടോ തവണയായി ക്ലെയിം ചെയ്യുന്നതിനുമാണ് നിലവിൽ വ്യവസ്ഥയുള്ളത്.

കേന്ദ്ര ഗവൺമെന്റ് അടുത്ത കാലത്ത് പുറപ്പെടുവിച്ച ചില ഉത്തരവുകളുടെ ഭാഗമായി ബാങ്കുകളിൽ നിന്ന് കാഷ് ആയി പിൻവലിക്കാവുന്ന തുകയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ സപ്ലൈയർ ക്ലെയിം ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകുന്ന വിവരം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടു.

ബഹു.കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 10-07-2010-ൽ പുറപ്പെടുവിച്ച വിധി ന്യായത്തിൽ (പരാമർശം)

"We notice that the practice followed by Devaswom in allowing the employees to purchase articles by themselves for the VAZHIVADU done by the parties is a practice which only encourages corruption among the Board officials. At the earliest it should be discontinued" എന്ന് വ്യക്തമാക്കിയിരുന്നു.

Cashless transactions പ്രോത്സാഹിക്കുന്നതിന്റെ ഭാഗമായിട്ടാണ് കേന്ദ്ര ഗവൺമെന്റിന്റെ നടപടി എന്നതിനാൽ മേൽ വിവരിച്ച കോടതിവിധിയുടെ അടിസ്ഥാനത്തിൽ ബോർഡ് ടി വിഷയം ചർച്ച ചെയ്തു.

വഴിപാട് നടത്തിപ്പിലേക്കുള്ള സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനാണ് സപ്ലൈയർ തുക അനുവദിച്ചിട്ടുള്ളത് എന്നതിനാൽ വഴിപാടുകൾക്കുള്ള സാധനങ്ങൾ എവിടെ നിന്നാണോ വാങ്ങുന്നത് ആ വ്യക്തിക്ക്/സ്ഥാപനത്തിന് ഇതിലേക്കുള്ള തുക ചെക്കായി ഗ്രൂപ്പ് ആഫീസുകളിൽ നിന്നും നേരിട്ട് നൽകേണ്ടതാണെന്ന് തീരുമാനിച്ച് ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

സെക്രട്ടറി

പകർപ്പ്:-
1. എല്ലാ വകുപ്പ് മേധാവികൾക്കും
2. അക്കൗണ്ട്സ് സെക്ഷൻ
3. എസ്റ്റാ 1 സെക്ഷൻ
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്